
നോവലെറ്റ്
മുന്തിരിത്തോപ്പുകളുടെ
കാവൽക്കാരി
NYNA BOOKS
വിനോദ് നാരായണൻ
www.nynabooks.com

മുന്തിരിത്തോപ്പുകളുടെ കാവൽക്കാരി

(നോവലെറ്റ്)

വിനോദ് നാരായണൻ

NYNA BOOKS

www.nynabooks.com

Malayalam Language

Munthirithoppuklude kavalkkari

(Novella)

Vinod Narayanan

Rights Reserved

First Amazon Kindle edition: Augest 2019

Cover & Typesetting: Boons Entertainments

Published by

NYNA BOOKS

MSME/UAN Regd. KL07D0004957

www.nynabooks.com

Email: **nynabooks@gmail.com**



വിനോദ് നാരായണൻ

1997 ൽ ആദ്യ ചെറുകഥ പക്ഷികൾ ചേക്കേറുന്നിടം പ്രസിദ്ധീകരിച്ചത് മംഗളം വാരികയിലായിരുന്നു. തുടർന്ന് നിരവധി ആനുകാലികങ്ങളിലായി 45 ചെറുകഥകൾ എഴുതി. ആദ്യത്തെ നോവൽ മായക്കൊട്ടാരം 1999ൽ മനോരാജ്യം വാരികയിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചു. പുസ്തകരൂപത്തിൽ ആദ്യത്തെ കൃതിയായി മായക്കൊട്ടാരം പുറത്ത് വന്നത് സഖി ബുക്സിലൂടെയായിരുന്നു. സുരാ ബുക്സ്, കുരുക്ഷേത്ര പ്രകാശൻ, അസെൻഡ് ബുക്സ്, ഷാരോൺ ബുക്സ്, എച്ച് ആൻഡ് സി ബുക്സ്, മ്യൂസസ് ബുക്സ് തുടങ്ങിയ പ്രസാധകരിലൂടെ 160ൽപ്പരം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ആമസോൺ, പോത്തി, ഓൾ ഓതർ, ലീൻപബ് തുടങ്ങിയ അന്താരാഷ്ട്ര പ്രസാധകരിലൂടെ ഇംഗ്ലീഷിലും മലയാളത്തിലുമായി 35 ൽപ്പരം പുസ്തകങ്ങൾ ഇബുക്ക്, പ്രിന്റഡ് ബുക്സ് എന്നിങ്ങനെ പ്രസിദ്ധീകരിക്കപ്പെട്ടു.

പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകങ്ങളിൽ നല്ലൊരു പങ്കും ബാലസാഹിത്യകൃതികളായിരുന്നു. കാർട്ടൂണിസ്റ്റും ആർട്ടിസ്റ്റുമായ ഇളയ സഹോദരൻ അനിൽ നാരായണൻ ആണ് ഈ പുസ്തകങ്ങൾക്ക് എല്ലാം തന്നെ ചിത്രങ്ങൾ രചിച്ചത്. ബാലരമ അമർചിത്രകഥകൾ, കുരുക്ഷേത്രയുടെ ബാലസാഹിത്യവിഭാഗമായ നമ്മബുക്സ് തുടങ്ങിയവയിലൂടെ നിരവധി ബാലസാഹിത്യകൃതികളും വെളിച്ചം കണ്ടു. യക്ഷിക്കഥകൾ, തെനാലിരാമൻ കഥകൾ, ജാതകകഥകൾ, ഇന്ത്യൻ നാടോടിക്കഥകൾ, മഹാഭാഗവതം ചിത്രകഥകൾ, കൊച്ചു കൊച്ചുനിഗൂഢകഥകൾ, ഗോത്രകഥകൾ, കുട്ടിക്കഥകൾ എന്നിവ പ്രസിദ്ധമാണ്.

1975 മാർച്ചുമാസത്തിൽ തൃപ്പൂണിത്തുറയിൽ ജനിച്ചു. വളർന്നത് ചോറ്റാനിക്കര എന്ന ഗ്രാമത്തിൽ. അച്ഛൻ ചോറ്റാനിക്കര വെളുമ്പറമ്പിൽ നാരായണൻ കുട്ടി. അമ്മ തൃപ്പൂണിത്തുറ എരൂർ വാണിയത്ത് വീട്ടിൽ ഓമന. സ്കൂൾ വിദ്യാഭ്യാസം ചോറ്റാനിക്കര സർക്കാർ ഹൈസ്കൂളിൽ. കോളജ് വിദ്യാഭ്യാസം തൃപ്പൂണിത്തുറ ഗവ.കോളജിൽ. മഹാത്മാഗാന്ധിയൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദാനന്തരബിരുദം നേടിയതിന് ശേഷം പത്രപ്രവർത്തകനായി. നിരവധി ഹ്രസ്വചിത്രങ്ങൾക്ക് തിരക്കഥയെഴുതി. നൈസാമിന്റെ ഒട്ടകങ്ങൾ, 14 ഡേ, തങ്കമണിയുടെ ജാരൻ എന്നീ ചിത്രങ്ങൾ സംവിധാനം ചെയ്തു. ഏഴ് ഹ്രസ്വചിത്രതിരക്കഥകൾ സമാഹരിച്ച് കള്ള്, കപ്പ, കരിമീൻ എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. വിവിധ അന്താരാഷ്ട്ര

ചലച്ചിത്രമേളകളിൽ നിന്ന് പുരസ്കാരം നേടി. ഇപ്പോൾ വൈക്കത്തിനടുത്ത് ചെമ്പിൽ താമസിക്കുന്നു.

വിലാസം: ശിവരഞ്ജിനി, മത്തുങ്കൽ റോഡ്,
ചെമ്പ്.പി.ഒ, വൈക്കം.

Email: boonsenter@gmail.com

Blog: vinodnarayana.blogspot.com

'മുന്തിരിത്തോപ്പുകളുടെ കാവൽക്കാരി' 2006 ൽ സുശിഖം മാസികയിൽ പ്രസിദ്ധീകരിച്ച കഥയാണ്. കൗമാരക്കാരിയായ ഒരു പെൺകുട്ടിയുടെ മനസ് ഇതുവരെ മറ്റാരും കാണാത്ത വഴികളിലൂടെ സഞ്ചരിക്കുകയാണ്. കാമവും പ്രണയവും ഭക്തിയും മനസിന്റെ ഉള്ളറകളിൽ നിറയ്ക്കുന്നത് എന്താണ്. ഒരു പെണ്ണിന്റെ വികാരഭരിതമായ മനസിലൂടെ സഞ്ചരിക്കുകയാണ് 'മുന്തിരിത്തോപ്പുകളുടെ കാവൽക്കാരി' എന്ന കഥ.

മുന്തിരിത്തോപ്പുകളുടെ

കാവൽക്കാരി

ഹെർമോൻ പർവതത്തിൽ നിന്നും ഗലീലക്കടലിലേക്കുള്ള ദൂരം ഏതാണ്ടിത്രയായിരിക്കുമെന്ന് മുലകളിൽ നിന്ന് നാഭിയിലേക്ക് ഒരു നേർവര വരച്ചുകൊണ്ട് ചില രാത്രികളിൽ യാക്കൂബ് പറയാറുള്ളത് ഓർമിച്ചുകൊണ്ട് മോളമ്മ

കിടക്കപ്പായിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു.
നേരം പാതിരാവായിട്ടും ഉറക്കം വരുന്നില്ല.
എങ്ങും ഒച്ചയും അനക്കവുമൊന്നുമില്ല.

ബേബിമുതലാളിയും ത്രേസ്യാക്കൊച്ചമ്മയും ഉറക്കം പിടിച്ചു കഴിഞ്ഞു.
പൂതലിച്ചടർന്ന ജനൽ വിടവിലൂടെ കടന്നുവരുന്ന നിലാവിൽ കുളിച്ച് പുള്ളിക്കാരൻ മാത്രം ആ ഒരൊറ്റക്കിടപ്പാണ്. ആ കിടപ്പു കാണുമ്പോൾ മോളമ്മയ്ക്ക് സങ്കടം വരാറുണ്ട്.

മോളമ്മ എഴുന്നേറ്റിരുന്ന് പുള്ളിക്കാരനെ നോക്കി.
മുൾക്കിരീടത്തിൽ നിന്ന് രക്തം വാർന്നൊഴുകുന്ന ദൈന്യം നിറഞ്ഞ മുഖം.
മെല്ലിച്ച കൈകാലുകളിൽ തറച്ച കാരിരുമ്പാണികൾ.
മേലാസകലം മുറിപ്പാടുകളും എല്ലുകൾ തെളിഞ്ഞ നെഞ്ചിൻകൂടും ഒട്ടിയ വയറും.
അതുകണ്ടിട്ട് മോളമ്മയ്ക്ക് സഹിച്ചില്ല.
ഇതിയാനോട് എങ്ങനെ സങ്കടം പറയും.
ചില ദ്രോഹികൾ ഇതിയാന്റെ മുഖത്ത് നോക്കി ചോദിക്കുന്ന ചില ആവശ്യങ്ങൾ കേട്ടാൽ പെരുത്തുകയറി വരും.

ഇന്നാളൊരുദിവസം ത്രേസ്യാക്കൊച്ചമ്മ മുറിയിലെ ക്രൂശിത രൂപത്തിന്റെ മുന്നിൽ നിന്നും മുട്ടിപ്പായി പ്രാർത്ഥിക്കുന്നതിങ്ങനെയാണ്
‘‘ എന്റെ ഈശോയേ, ശോശാമ്മ കഴിഞ്ഞയാഴ്ച ജാഗ്വാർ ഒരെണ്ണം വാങ്ങി. ഞങ്ങൾക്കൊരു ഓഡി വാങ്ങാൻ പറ്റേണമേ. അതിന് ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കേണമേ...’’
ഒരു ചവിട്ട് വച്ചുകൊടുക്കാനാണ് മോളമ്മയ്ക്ക് തോന്നി യത്
ദുഷ്ട. ആ മുഖത്ത് നോക്കി ഇങ്ങനെയൊക്കെ ചോദി

ക്കാന് മാത്രം ഇവർക്കു തോന്നുന്നുണ്ടോല്ലോ.
അല്ലെങ്കിലും ആ പ്രാര്ത്ഥനാമുറിയുടെ മോടിക്കും അതിയാന്റെ ആ കിടപ്പും അങ്ങിനെയങ്ങു പന്തിയാകുന്നില്ല.
ഒരു ചേർച്ചക്കുറവ്.

എന്തായാലും ത്രേസ്യാക്കൊച്ചമ്മ രണ്ടാഴ്ച കഴിഞ്ഞപ്പോള് അറുപത്തിയഞ്ചുലക്ഷം രൂപയുടെ ഓഡിക്കാറൊരെണ്ണം വാങ്ങി.

മോളമ്മയ്ക്ക് ശരിക്കും അരിശമാണു വന്നത്.
പുള്ളിക്കാരനോടവൾ ഒത്തിരി തട്ടിക്കയറി.

‘‘ തനിക്ക് വേറേ ഒരു പണീമില്ലേ? കണ്ണീച്ചോരയില്ലാതെ ഇവറ്റകൾ ചോദിക്കുന്ന ഓരോന്ന് കൊടുത്തുകൊണ്ടിരുന്നാൽ ഇതുങ്ങളു പ്രളയകാലം വരെ നന്നാവൂന്നു വിചാരിച്ചാണോ? അതോ ഇവറ്റകൾ തന്നെ ബ്ലാക്ക്മെയിൽ ചെയ്യുവാണോ. ഇങ്ങോട്ട് നോക്ക്. മോളമ്മ ഈ പതിനേഴുവയസിനിടെ എന്തേലും ഒരാവശ്യം ആ മുഖത്തുനോക്കി പറഞ്ഞിട്ടുണ്ടോ? പത്താം വയസിൽ ഇടപ്പള്ളി പുണ്യാളന്റെ തിരുനാളിന് ഇങ്ങേരെ വാങ്ങി എന്റെ കൈയ്യിലേക്ക് വച്ചുതരുന്നതിന് മുമ്പ് കണക്ക് പത്മാവതി ടീച്ചർ ഇന്ന് വരല്ലേ വരല്ലേ എന്ന് പ്രാർത്ഥിക്കുമായിരുന്നു. ഈ തിരുമുഖം കണ്ടതിൽപ്പിന്നെ അതിനും തോന്നിയിട്ടില്ല. പത്മാവതി ടീച്ചറിന്റെ തല്ലും നിനക്ക് കിട്ടിയതും വച്ചു നോക്കിയപ്പോസുല്ലിട്ടു. എന്നിട്ടും ഈ മോളമ്മേടെ ചങ്ക് പെടപെടാന്ന് പെടക്കും – നിന്റെയീ കരുത്തക്കേട് കാണുമ്പോ.’’

നല്ല പ്രായത്തിൽ അപ്പച്ചൻ പോയപ്പോ അമ്മച്ചീം എളേതുങ്ങളും പട്ടിണി കിടക്കണത് കാണാൻ

പറ്റാതെ വറീത് ചേട്ടനോട് പറഞ്ഞ് ഈ ബേബി മൊതലാളീടേം ത്രേസ്യാക്കൊച്ചമ്മേടേം ബംഗ്ലാവിൽ അടുക്കളപ്പണിക്ക് വന്നപ്പോ ഓർത്തതാ 'നിന്നെ കൊണ്ടു വരണ്ടാന്ന്. പിന്നെ പാവല്ലേ എന്നു കരുതി.''

മോളമ്മ കിടക്കപ്പായിൽ എഴുന്നേറ്റിരുന്ന് പുള്ളിക്കാരനെ നിലാവിന്റെ വെട്ടത്തിൽ അങ്ങനെ നിരീക്ഷിച്ചുകൊണ്ടിരിക്കെ, നിലാവിന്റെ വെട്ടം പുള്ളിക്കാരനെ അലോസരപ്പെടുത്തുന്നതുപോലെ തോന്നി.
മുഖത്താകെ ഒരു ചൂളൽ. ചമ്മൽ.

പീലാത്തോസും ബാറബാസും പുരോഹിതന്മാരും ജൂത പ്പടയാളികളും ചേർന്ന് അവന്റെ കാര്യം പറയേണ്ടിയിരുന്നില്ല എന്ന് മോളമ്മേയ്ക്ക് തോന്നി.
അവൾക്ക് കരച്ചിൽ വന്നു.

''നിന്റെ സകല പ്രവൃത്തികളേയും ഞാൻ ധ്യാനിക്കുന്നു.
നിന്റെ കൈകളുടെ പ്രവൃത്തിയെ ഞാൻ ചിന്തിക്കുന്നു.
ഞാൻ എന്റെ കൈകളെ നിങ്കലേക്ക് മലർത്തുന്നു.
വരണ്ട നിലം പോലെ എന്റെ പ്രാണൻ നിനക്കായി ദാഹിക്കുന്നു.
അപ്പോൾ യാക്കൂബ് വീണ്ടും അവളിലേക്ക് തള്ളിക്കയറിവന്നു.
ഒരു ദീർഘനിശ്വാസത്തോടെ അവളുടെ കണ്ണുകൾ കൂമ്പി.

അവൾ പാരവശ്യത്തോടെ മലർന്നുകിടന്നുകൊണ്ട് ഇങ്ങനെ മന്ത്രിച്ചു:
'' എന്റെ പ്രിയനേ, നീ ഏൻഗതിയിലെ മുന്തിരിത്തോട്ടങ്ങളിലുള്ള മൈലാഞ്ചിപ്പൂങ്കുലയാണ്.''

കൈകൾ മാറിടത്തിൽ അമർത്തി അവൾ ഇങ്ങനെ കിതച്ചു.

‘‘എന്റെ നിറമുലകൾക്കിടയിലെ മീറാപ്പൊതിയാണ് നീ. മുറുവും ലവംഗവും മണക്കുന്ന നിന്റെ ഉജ്ജ്വലമായ മടിത്തട്ടിൽ ഇരുന്നുകൊണ്ട് മേരോം തടാകം പോലെ പരപ്പുള്ള നിന്റെ മാറിടത്തിൽ ഞാൻ പറ്റിച്ചേരട്ടെ.’’

സ്വിച്ച് ഓഫ് ചെയ്തതുപോലെ നിലാവ് കെട്ടു.
കടുത്ത അന്ധകാരം കണ്ട് മോളമ്മ നടുങ്ങിപ്പോയി.
അവൾ ഭയങ്കരമായി വിയർക്കാനും തുടങ്ങി.

അവൾ ഭയരക്ഷക്കുള്ള എബ്രായർ 13.5,6
ചൊല്ലിത്തുടങ്ങി.

‘‘നിങ്ങളുടെ നടപ്പ് ദ്രവ്യാഗ്രഹമില്ലാത്തതാകട്ടെ, ഉള്ളതു കൊണ്ട് തൃപ്തിപ്പെടുവിൻ
ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല.’’
‘‘ എന്നു അവൻ തന്നെ അരുളിച്ചെയ്തിരിക്കുന്നുവല്ലോ. ആകയാൽ കർത്താവ് എനിക്കു തുണ, ഞാൻ പേടിക്കുകയില്ല, മനുഷ്യൻ എന്നോട് എന്തു ചെയ്യും.
എന്നു നമുക്കു ധൈര്യത്തോടെ പറയാം.’’

ഭയരക്ഷ ഒമ്പതു ചൊല്ലിയപ്പോൾ നിലാവ് പിന്നേയും വീണു.

ഇപ്പോൾ പുള്ളിക്കാരനെ മുഴുവനായി കാണാം.
കുറേക്കഴിഞ്ഞപ്പോൾ വിയർപ്പു തണുത്തു.
മനസുശാന്തമായി.

അപ്പോൾ അത് ഓളങ്ങളില്ലാതെ നിലാവ് വീണുകിടക്കുന്ന യോർദ്ദാനിലെ കുളിർ വെള്ളം തുഴഞ്ഞുനീക്കി യാക്കൂബ് ഒരു ചെറുവള്ളത്തിൽ ഏകനായി പോകുന്നു.
മേരോമിൽ നിന്ന് ഗലീലക്കടലും കടന്ന് യെരിഹോ പട്ടണത്തിലേക്ക് പോകുന്നപോലെയായിരുന്നു അത്.

അവന് വിശക്കുമല്ലോ എന്ന കരുതി താബോർ പർവതത്തിൽ നിന്ന് യിസ്രയേലും കടന്ന് യോർദ്ദാൻ നദിക്കരയിലേക്ക് അപ്പവും മീനുമായി ഒരുവൾ ഓടിവരുന്നു ണ്ടായിരുന്നു. അവളുടെ ചെമ്പിച്ച മുടിയിഴകളും ചെന്തൊണ്ടിപ്പഴം പോലുള്ള ചുണ്ടുകളും മനോഹരമാ യിരുന്നു. കുന്നിറങ്ങുമ്പോൾ അവളുടെ നിറമുലകൾ തുളുമ്പി.

അവൾ അവനെ സന്ധിച്ചാലോ എന്നു ഭയന്നപ്പോൾ യോർദ്ദാനിൽ വെള്ളം പൊങ്ങി. അപ്പവും മീനും അവ ളോടൊപ്പം ഒലിച്ചുപോയി.
അത് താനാണോ എന്ന് ഒരിക്കൽ ശങ്കിച്ചെങ്കിലും താൻ യോർദ്ദാൻ നദിയാണെന്ന് മുമ്പേ സങ്കൽപിച്ചിട്ടുണ്ടല്ലോ എന്നോർത്തു.

യാക്കൂബ് തുഴയെറിയുന്നതിന്റെ രസമോർത്ത് മോളമ്മ യുടെ കണ്ണുകൾ കൂമ്പി.

തുഴനീട്ടി നദിമേൽ വച്ച് ഇത് മീറാപ്പൊതി എന്നവൻ പറയുന്നു.
അവന്തന്നെ പൊതിയഴിച്ച് അതിലെ നറുംപശ യോർദ്ദാനിൽ കലക്കിയപ്പോൾ എമ്പാടും സുഗന്ധം പരന്നു.
അത് അറബിനാടുമുതൽ ലെബനോൺ പർവതം വരേ യും ബെർശബാ മുതൽ ഹെർമോന് പർവതം

വരേയും വ്യാപിച്ചിരുന്നുവത്രേ.
അവൾ അതീവ മുഗ്ദമായി ഒഴുകി.

കനത്ത ഒരിടി വെട്ടി.
മോളമ്മ ഞെട്ടിയെഴുന്നേറ്റു.
പുറത്ത് ഭയങ്കരമായ കാറ്റു വീശുന്നു.
മഴ ഒരു ഹുങ്കാരമായി ഇരച്ചെത്തുകയും ചെയ്യുന്നുണ്ട്.

ത്രേസ്യാക്കൊച്ചമ്മ അവൾക്കു കൊടുത്തിരിക്കുന്ന മുറി അത്ര ഭേദപ്പെട്ടതല്ലാത്തതുകൊണ്ട് മോളമ്മ ഭയത്തോടെ എഴുന്നേറ്റിരുന്നു.

അവൾ വീണ്ടും ഭയരക്ഷക്കുള്ള എബ്രായർ 13: 5:6 ചൊല്ലിത്തുടങ്ങി.
കുറേക്കഴിഞ്ഞപ്പോൾ കാറ്റും മഴയും ഇടിമിന്നലും അടങ്ങി.

ഭയമെല്ലാം പൊയ്ക്കഴിഞ്ഞിരുന്നെങ്കിലും അവളുടെ മനസിൽ സംശയത്തിന്റെ ഒരു വിത്ത് വീണു മുളച്ചതുകൊണ്ട് ആ ഇരുപ്പിൽ ഇരുന്നുകൊണ്ട് പുള്ളിക്കാരനെ ഒന്നിടം കണ്ണിട്ടു നോക്കി.

‘‘അയ്യടാ ഒന്നുമറിഞ്ഞില്ലെന്ന മട്ടിൽ കിടപ്പാണ് പാവം. സ്വപ്നം കാണാനെങ്കിലും സമ്മതിക്കെന്റെ ചെക്കാ. ഞാന് ഇടക്കിടെ ഉത്തമഗീതങ്ങൾ നിന്നെ ചൊല്ലികേൾപ്പിക്കാറില്ലേ. അത് ഉത്തമ ഗീതങ്ങളൊന്നുമല്ല, എന്റെ ഗീതങ്ങളാ’’

‘‘ അല്ലയോ ജറുശലേം പുത്രിമാരേ,
ഞാൻ കറുകറുമ്പിയെങ്കിലും കേദാറിലെ കൂടാരങ്ങൾ പോലെയും സോളമന്റെ തിരശീലകൾ പോലെയും അഴകുള്ളവളാണ്.

എരിവെയിലേറ്റ് കറുത്തവളാകയാൽ എന്നെ തുറിച്ചു നോക്കരുത്.
എന്റെ മുലകളുടെ കറുപ്പ് അവർക്ക് അരോചകമായിരുന്നു.
എന്റെ നിതംബങ്ങൾ വിടർന്നിരുന്നത് അവരെ അസ്വസ്ഥമാക്കി.
എന്റെ നാഭീരോമങ്ങൾ അവരുടെ കുലത്തെ ഇല്ലായ്മ ചെയ്യുമെന്ന് അവർ കണക്കുകൂട്ടി.
അവർ എന്നെ മുന്തിരിത്തോട്ടങ്ങളുടെ കാവൽക്കാരിയാക്കി.
എന്റെ സ്വന്തം മുന്തിരത്തോട്ടമോ ഞാന് സംരക്ഷിച്ചതുമില്ല.''

''നീ ഇതെല്ലാം കേട്ടേ പറ്റൂ. കേൾക്കാതെവിടെപ്പോകാൻ ഇതു നിന്റെ വിധിയാ മോനേ..''

മോളമ്മ പുള്ളിക്കാരനെ കടക്കണ്ണുമുന കൊണ്ട് ഒന്നു കുത്തിനോവിച്ചു.
എന്നിട്ടവൾ പിന്നേയും ഉറങ്ങാൻ കിടന്നു.
യാക്കൂബ് നാളെയാണ് വരിക.
അതാണ് ഇന്നുറങ്ങാന് കഴിയാത്തത്.

അവൻ വെളുത്തവനും സുന്ദരനുമാണ്.
മുറുവും ലവംഗവും മണക്കുന്നവനാണ്.
മേരോം തടാകം പോലെ വിരിവുള്ള മാറിടമുള്ളവനാണ്.
പരിമളം പരത്തുന്ന തന്റെ ജടാമാഞ്ചിയിൽ മുഖം പൂഴ്ത്തി തന്റെ മേൽ ആകാശം പോലെ നില കൊള്ളുമ്പോൾ അവന്റെ കറുകറുത്ത മേൽമീശ കുത്തിക്കൊള്ളുന്നു. തന്റെ നാഭിച്ചുഴിക്ക് താഴെ പ്രകമ്പനം ഉയി രെടുക്കുന്നു.

കന്യകയുടെ ചെമ്പിച്ച മുലക്കണ്ണുകൾ ജീവന് വച്ച് തുടിക്കുമ്പോളോ അധരങ്ങൾ ചുംബനത്തിന് ദാഹിക്കുമ്പോഴോ സുഷുമ്നാരാജിയിലൂടെ സുഖത്തിന്റെ തരിപ്പ് അരിച്ചുകയറുന്നു.

ഒരു ഇടിമിന്നൽ ഉതിർത്തുകൊണ്ട് അവൻ തന്നിലേക്ക് പറ്റിച്ചേരുമ്പോള് എന്റെ പ്രിയനേ നീ എത്ര സുന്ദരൻ, എത്ര മധുരമനോഹരൻ എന്ന് മൊഴിഞ്ഞുകൊണ്ട് അവൾ ആകെ പച്ചയായ കിട ക്കയിൽ സ്വയം സജ്ജയാ യിത്തീരുമ്പോൾ സിനിമാനടൻ പൃഥ്വിരാജായിരുന്നു മനസിൽ.

നവ്യാനായരും പൃഥ്വിരാജും കെട്ടിപ്പിടിച്ചഭിനയിക്കുന്ന നന്ദനമെന്നോ ചന്ദനമെന്നോ മറ്റോ പേരുള്ള ഒരു സിനിമ ഏതോ ഒരു ചാനലിൽ ഒരുച്ചകഴിഞ്ഞ് പണി യൊന്നുമില്ലാതിരുന്ന സമയത്ത് ത്രേസ്യാക്കൊച്ചമ്മയോടൊപ്പം ഇരുന്നു കണ്ടു.

നവ്യാനായരേയും ഗുരുവായൂരപ്പനേയും കണ്ടപ്പോൾ തന്നേയും മിശിഹായേയും പോലെ തോന്നി.
ബേബിമുതലാളിക്കും ത്രേസ്യാക്കൊച്ചമ്മക്കും പൃഥ്വി രാജിനെപ്പോലെ സുന്ദരനായ ഒരു മകനുണ്ട്.
അയാളാണ് യാക്കൂബ്.
വെളുത്ത് ചുവന്ന് കറുകറുത്ത മീശയുള്ള ഒരു കൊച്ചു മുതലാളി.
അയാൾ ദൂരെയെവിടേയോ പഠിക്കുകയാണ്.

അയാളുടെ ഫോട്ടോയെങ്കിലും കണ്ടാൽക്കൊള്ളാമെന്ന് ഒരാഗ്രഹം തോന്നി.
ത്രേസ്യാക്കൊച്ചമ്മയോട് കൂടുതലെന്തെങ്കിലും ചോദി ക്കാൻ ധൈര്യം വന്നില്ല.
മോളമ്മ അങ്ങിനെ യാക്കൂബിനെ നിരൂപിച്ചുകൊണ്ടു കിടക്കവേ അലറാം അലറി.

ആസന്നസമയത്ത് സമുദ്രത്തിൽ നിന്ന് കയറിവന്ന പത്തുകൊമ്പും ഏഴുതലയുമുള്ള മൃഗം അലറുന്നതു പോലെയാണ് അവൾക്ക് തോന്നിയത്.

അലാറാം ഓഫാക്കി മൂടിക്കെട്ടിവച്ച് എഴുന്നേൽക്കവേ ജനൽ വിടവു വഴി പ്രഭാതകിരണങ്ങൾ അരിച്ചിറങ്ങുന്നത് കണ്ടു.

അന്ന് മോളമ്മ, കുളിച്ച് കണ്ണെഴുതി പൗഡറിട്ട് പതിവി ലും സുന്ദരിയായി.
ഉത്സാഹവതിയായി പണികളെല്ലാം തീർക്കുന്നതിനിട യിൽ ഓടി അവളുടെ മുറിയിൽ വന്നു.
ക്രൂശിതനായ മിശിഹായെ അല്പനേരം നോക്കിയി രുന്നു.
എന്നിട്ട് മിശിഹായെ പൗഡറീടിച്ചു. കണ്ണെഴുതിച്ചു. പൊട്ടുകുത്തിച്ചു.


ഒരു തൂവലയെടുത്ത് കുരിശും തുടലും പൊതിഞ്ഞു.
അപ്പോൾ ചാന്തുപൊട്ട് എന്ന സിനിമയിലെപ്പോലെ കൈയ്യുയർത്തി കെട്ടിപ്പിടിക്കാൻ വരുന്ന ദിലീപിന്റെ പെൺവേഷത്തെപ്പോലെയിരുന്നു.
അങ്ങനെയൊരു മിശിഹായെ മോളമ്മ ഇഷ്ടപ്പെട്ടില്ല.

അവൾ എല്ലാം തൂത്തുകളഞ്ഞിട്ട് കരച്ചിലോടെ മിശി ഹായെ ചുംബിച്ചു.
‘‘ എന്നിട്ടും മിശിഹായേ, ഈ മുഖത്തു നോക്കി ഞാനെന്റെ ആവശ്യം നിന്നോടെങ്ങനെ പറയും?’’
മോളമ്മ എല്ലാം മറന്ന് പൊട്ടിക്കരഞ്ഞു.

ത്രേസ്യാക്കൊച്ചമ്മ വന്ന് വഴക്കുപറഞ്ഞപ്പോഴാണ് അവൾ പിന്നേയും അടുക്കളയിലേക്ക് ചെന്നത്.
യാക്കൂബ് വരല്ലേ വരല്ലേയെന്നാണ് മോളമ്മ ഇപ്പോൾ

പ്രാർത്ഥിച്ചുകൊണ്ടിരുന്നത്.
എന്നാൽ യാക്കൂബ് വരാമെന്ന് പറഞ്ഞിരുന്ന സമയത്ത് തന്നെ വന്നു.

യാക്കൂബിനെ കണ്ട് മോളമ്മ കുറേനേരത്തേക്ക് സ്തംഭിച്ചുപോയെങ്കിലും പിന്നീട് സമനില വീണ്ടെടുത്ത് അവൾ അവളുടെ മിശിഹായുടെ അടുത്തോക്കോടി ആ പാദങ്ങളിൽ വീണ് സന്തോഷത്തോടെ കരഞ്ഞു.
കാരണം യാക്കൂബ് പത്തുവയസുള്ള ഒരു കൊച്ചുകുട്ടിയായിരുന്നു.
ഇനി മോളമ്മ പുള്ളിക്കാരനോട് എപ്പോഴും നന്ദി പറഞ്ഞുകൊണ്ടിരിക്കും.



മാരിയമ്മൻ തെരുവ്
ഹൊറർ നോവൽ
മുഖവില 300 രൂപ



വെൽകം റ്റു കൊച്ചി
ക്രൈം ത്രില്ലർ നോവൽ
മുഖവില 90 രൂപ




ഡബിൾ മർഡർ
ക്രൈം ത്രില്ലർ നോവൽ
മുഖവില 200 രൂപ




നായിക
ക്രൈം ത്രില്ലർ നോവൽ
മുഖവില 100 രൂപ



കേരള തമിഴ്നാട് വിഭവങ്ങൾ
നാടൻ പാചകം
മുഖവില 100 രൂപ



കാമിക
നോവൽ
മുഖവില 250 രൂപ



ചെകുത്താന്റെ രഹസ്യം
ത്രില്ലർ നോവൽ
മുഖവില 200 രൂപ



ജാരസങ്കൽപം
കഥകൾ
മുഖവില 90 രൂപ



മുംബൈ റസ്റ്റോറന്റ്
ക്രൈം ത്രില്ലർ നോവൽ
മുഖവില 150 രൂപ




100 ബിസിനസ് സംരംഭങ്ങളും മാർക്കറ്റിങ്ങ് ടെക്നിക്കുകളും
മുഖവില 250 രൂപ




ഉന്നത പഠനം
കോഴ്സുകൾ, സ്ഥാപനങ്ങൾ
മുഖവില 200 രൂപ



ചക്കവിഭവങ്ങൾ
നാടൻ പാചകം
മുഖവില 100 രൂപ



100 ത്രീഡി ഹൗസ് പ്ലാനുകൾ
ഇന്റീരിയർ എക്സ്റ്റീരിയർ
(ഇബുക്ക് മാത്രം) വില 100 രൂപ



സമ്പൂർണ്ണ ലൈംഗിക വിജ്ഞാനകോശം
(ഇബുക്ക് മാത്രം) വില 125 രൂപ



ദാമ്പത്യ ജീവിതം
(ഇബുക്ക് മാത്രം)
വില 150 രൂപ



ടൂറിസ്റ്റ് ഗൈഡ്
(ഇബുക്ക് മാത്രം)
വില 100 രൂപ

www.nynabooks.com